## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5545 — 02.07.2014 - ൽ മറുപടിക്ക്

### ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകളിലെ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉൾപ്പെടെ നടത്തുന്ന ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകളിൽ ഷുഗർ ടെസ്റ്റിനുള്ള ഉപകരണങ്ങൾ തീർന്നിട്ട് മാസങ്ങളായി എന്നുള്ളതും മരുന്നുകളുടെ ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ? | (എ) കേരളത്തിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താദി സമ്മർദ്ദം തുടങ്ങിയവ നിർണ്ണയിക്കുന്നതിനും മറ്റുമായി ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ സംസ്ഥാനത്ത് 230 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും 835 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും, 5144 സബ് സെന്ററുകളിലും വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ആവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ആന്റ് പ്രിവൻഷൻ ഓഫ് ഡയബറ്റീസ്, ക്യാൻസർ & സ്ട്രോക്ക്) നിലവിലുള്ള അഞ്ച് ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) കേന്ദ്രവിഹിതമായി ഗ്ലൂക്കോമീറ്ററുകളും, ഗ്ലൂക്കോ സ്ട്രിപ്പുകളും ലഭ്യമാക്കുകയുണ്ടായി. ഇപ്രകാരം കേന്ദ്ര വിഹിതമായി ലഭിച്ച ഗ്ലൂക്കോ സ്ട്രിപ്പുകളുടെ കാലാവധി കഴിയുകയും പുനർ സംഭരണത്തിനുള്ള ഫണ്ട് ലഭിക്കാതെയും വന്നപ്പോൾ ഈ ഗ്ലൂക്കോമീറ്ററുകൾ 2014 ഫെബ്രുവരിക്കു ശേഷം പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ സംസ്ഥാന പദ്ധതിയുടെ കീഴിൽ ലഭ്യമാക്കിയ ഗ്ലൂക്കോ സ്ട്രിപ്പുകളും, ഗ്ലൂക്കോമീറ്ററുകളും ഇപ്പോഴും പ്രവർത്തന സജ്ജമാണ്. 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ഉപകരണങ്ങളും, കിറ്റുകളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഫണ്ട് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. |

(.....2)

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി തയ്യാറാക്കിയ പ്രോട്ടോകോൾ പ്രകാരമുള്ള പന്ത്രണ്ട് ഇനം മരുന്നുകൾ 'അമൃതം ആരോഗ്യം' പദ്ധതി വഴി വാങ്ങി നൽകുകയും, ഇതിനു പുറമേ 25 -ൽ പരം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയും ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിരുന്നു. എന്നാൽ ചില മരുന്നുകൾ, ചില സ്ഥലങ്ങളിൽ ദൗർലഭ്യം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അത് പരിഹരിക്കുന്നതിനായി ഉന്നതാധികാര സമിതി (ഹൈ പവർ കമ്മിറ്റി) ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും സത്വര നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആർ.എസ്.ബി.വൈ, പഞ്ചായത്ത് ഫണ്ട് തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകുകയുണ്ടായി. മരുന്നുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള നിലവാരം അവലോകനം ചെയ്യുകയും, സ്റ്റോക്ക് കൂടുതലുള്ള സ്ഥലങ്ങളിൽ നിന്നും മരുന്നുകൾ കുറവുള്ള സ്ഥലങ്ങളിലേയ്ക്കും മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2014-15 സാമ്പത്തിക വർഷത്തേക്കുള്ള മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി ഫണ്ട് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ